Sect. 37. 3/525/2009/1 Lakh GPM. © Govt. of Kerala

# GOVERNMENT OF KERALA

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്ക് പോഷകാഹാരം പ്രോജക്ട് - ഗ്രാമ പ്രദേശങ്ങളിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായും നഗരപ്രദേശങ്ങളിൽ നഗര സഭകൾ നേരിട്ടും നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാ)നം: 923/2010/തസ്വഭവ** **തിരുവനന്തപുരം, തീയതി: 18/3/2010**

---

പരാമർശം:- 1. കാസർഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 21/1/10-ലെ സി2-1218/09 നമ്പർ കത്ത്

2. 2/3/10-ലെ 2.30 നമ്പർ സി.സി തീരുമാനം

**ഉത്തരവ്**

എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്ക് 2005-06 മുതൽ കാസർഗോഡ് ജില്ലാപഞ്ചായത്ത് നടപ്പാക്കി വരുന്ന ആരോഗ്യ സുരക്ഷാ പദ്ധതിക്ക് തുടർന്നും അനുമതി നൽകണമെന്ന് കാസർ ഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറി.പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്ക് പോഷകാഹാരം പ്രോജക്ടുകൾ നേരിട്ട് നടപ്പാക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് പ്രായോഗിക ബുദ്ധി മുട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ ജില്ലാപഞ്ചായത്തിന്റെ നേതൃ ത്വത്തിൽ സംയുക്തമായും നഗരപ്രദേശങ്ങളിൽ നഗരസഭകൾ നേരിട്ടും നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രോജക്ടുകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ജില്ലാപഞ്ചയത്തിന് നൽകുകയും ജില്ലാപഞ്ചായത്ത് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെ.ബെൻസി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന)
സെക്രട്ടറി, കോർപ്പറേഷൻ-തിരുവനന്തപുരം,കൊച്ചി, കൊല്ലം,കോഴിക്കോട്,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ